## കെ. എസ്. ആർ. ടി. സി ബസുകൾക്ക് ലീഫ് സെറ്റ് വിതരണം ചെയ്യുന്ന കമ്പനികൾ

120 (819) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസുകൾക്ക് ലീഫ് സെറ്റ് വിതരണം ചെയ്യുന്ന കമ്പനികൾ ഏതൊക്കെയാണ് ;

(ബി) ലീഫ് സെറ്റുകൾ വിതരണം ചെയ്യുന്നതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ലീഫ് സെറ്റുകളുടെ വിതരണകരാർ എത്ര വർഷത്തേക്കാണ് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി എന്തു തുകയ്ക്കുള്ള ലീഫ് സെറ്റ് വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ അശോക് ലെയ്‌ലാന്റ്, അകാൽ സ്പ്രിംഗ് ലുധിയാന ജോനാസ് വുഡ് ഹെഡ് ആന്റ് സൺസ് ചെന്നൈ എന്നീ കമ്പനികളാണ് ലീഫ് സെറ്റ് വിതരണം ചെയ്യുന്നത്. സ്പ്രിംഗ് സെറ്റ് വിതരണം ചെയ്യുന്നത് മുൻവർഷങ്ങളിൽ ജെയ് പാര ബോളിംഗ് സ്പ്രിംഗ്സ് മൊഹാലി, ജാം നാ ആട്ടോ ഡൽഹി, ഡക്കാൻ ആട്ടോസ്റ്റീൽ ചെങ്ങന്നൂർ ഫ്ളെക്സോൺ ഓട്ടോ കണ്ണൂർ തുടങ്ങിയ കമ്പനികളും വിതരണം ചെയ്തിരുന്നു.

(ബി) ഒ. ഇ. സ്റ്റാറ്റസുള്ള എ. എസ്. ആർ. ടി. യും റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥകൾ അനുസരിച്ചും അശോക് ലെയ്‌ലാന്റിന്റെ റേറ്റ് അനുസരിച്ചും കേരളത്തിനകത്തുള്ള എസ്. എസ്. ഐ. യൂണിറ്റുകൾക്ക് എ. എസ്. ആർ. ടി. യും റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥകൾ ബാധകമാക്കിയുമാണ് വാങ്ങുന്നത്.

(സി) കരാർ ഓരോ വർഷത്തേയ്ക്കാണ് നൽകുന്നത്.

(ഡി) 8,86,54,009 രൂപ.

## എഴുകോൺ ജംഗ്ഷനിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ്

121 (820) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം - കൊട്ടാരക്കര റൂട്ടിലെ എഴുകോൺ ജംഗ്ഷനിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ് അനുവദിക്കുന്നതു സംബന്ധിച്ച് നിവേദനം കെ. എസ്. ആർ. ടി. സി. ക്ക് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) എഴുകോണിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽനടപടി സ്വീകരിച്ചിട്ടില്ല.

(സി) നിലവിലുള്ള ഉത്തരവ് അനുസരിച്ച് പുതിയ ഫെയർ സ്റ്റേജ് അനുവദിക്കാൻ നിർവാഹമില്ല.

**തിരുവനന്തപുരം നഗരത്തിൽ ഓടുന്ന പ്രൈവറ്റ് ബസുകൾ**

**122 (821)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ഓടുന്ന പ്രൈവറ്റ് ബസുകൾ കോർപ്പറേഷൻ പരിധി വിപുലപ്പെടുത്തിയതിനുശേഷം കൂടുതൽ ദൂരം ഓടുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി). നാലാഞ്ചിറ വരെ ഓടുന്ന പ്രൈവറ്റ് ബസുകൾ ചിറ്റാഴ വരെയോ വട്ടപ്പാറവരെയോ വന്നു പോകുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതു സംബന്ധിച്ച ആരാധന റസിഡന്റ്സ് അസോസിയേഷൻ മരുതൂർ, വട്ടപ്പാറ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരുന്നു.

**നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ യാത്രാ ക്ലേശം**

**123 (824)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട്, പൂങ്കുമൂട്, വേങ്കോട്, നെടുമങ്ങാട് നിവാസികളുടെയും വഞ്ചുവം, വേഴുംമൂട് കൂവ്, വാണയം നിവാസികളുടെയും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് ;

(ബി) ഈ നിവേദനങ്ങളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. ഇപ്പോൾ കെ. എസ്. ആർ. ടി. സി. യുടെ തിരുവനന്തപുരം സിറ്റി, പേരൂർക്കട യൂണിറ്റുകളിൽ നിന്നും പൂങ്കുംമൂട്,

LIBRARY ARCHIVES Kerala Legislative Assembly